പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.338 11.05.2017 ൽ മറുപടിയ്ക്ക്

## കായികരംഗത്തെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

ചോദ്യം

ശ്രീ.എ. എൻ. ഷംസീർ

ശ്രീ.ബി.സത്യൻ

ശ്രീ.ആന്റണി ജോൺ

ശ്രീ.വി. അബ്ദുറഹിമാൻ

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ദേശീയ-അന്തർദേശീയ തലങ്ങളിൽ സംസ്ഥാനത്തെ കായികതാരങ്ങൾക്ക് മികവു നേടുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | എ) | ദേശീയ-അന്തർദേശീയ തലങ്ങളിൽ സംസ്ഥാനത്തെ കായികതാരങ്ങൾക്ക് മികവു നേടുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളായ "എലൈറ്റ് ട്രെയിനിംഗ് സ്കീം'', സെൻട്രലൈസ്ഡ്/സ്കൂൾ/കോളേജ് സ്പോർട്സ് ഹോസ്റ്റൽ ട്രെയിനിംഗ് സ്കീം, 2020-24 ഒളിമ്പിക്സിൽ മെഡൽ നേടുന്നത് ലക്ഷ്യം കണ്ടുകൊണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി" എന്നിവയാണ്. |
| ബി) | കായിക സർവകലാശാല രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ജി.വി.രാജ സ്പോർട്സ് സ്കൂളിനെയും കണ്ണൂർ സ്പോർട്സ് ഡിവിഷനെയും കായിക വകുപ്പ് ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | ബി) | സംസ്ഥാനത്തെ കായിക മേഖലയുടെ ഉന്നമനത്തിനായി ഒരു കായിക സർവ്വകലാശാല സ്ഥാപിയ്ക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ച് വരികയാണ്. 13.02.2017 ലെ സ.ഉ (എം.എസ്) നം.03/2017/കാ.യു.വ പ്രകാരം ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഗേൾസ് വി.എച്ച്.എസ്.എസ് എന്നിവയുടെ ഭരണ നിയന്ത്രണ ചുമതല കായിക വകുപ്പ് ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) | വിവിധ സ്പോർട്സ് ഹോസ്റ്റലുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് ശ്രീമതി.മേഴ്സിക്കുട്ടൻ, അഡ്മിനിസ്ട്രേറ്റീവ് ബോർഡ് അംഗങ്ങളായ ശ്രീ.എം.ആർ.രഞ്ജിത്ത്, ശ്രീ.ജോർജ്ജ് തോമസ് എന്നിവർ ഉൾപ്പെട്ട ഒരു മൂന്നംഗ സമിതിയെ പോരായ്മകൾ സംബന്ധിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് ചുമതലപ്പെടുത്തിയിരുന്നു. ടി സമിതി ഹോസ്റ്റലുകൾ നേരിട്ട് സന്ദർശിച്ച് കായിക |

| | | | |
|---|---|---|---|
| | | | താരങ്ങളുടെ പ്രകടനം സ്ഥാപനങ്ങളിൽ നിന്നുള്ള പിന്തുണ ഭക്ഷണം, താമസ സൗകര്യം, കളിയ്ക്കുന്നതിന്/ പഠിയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ, മറ്റ് സാഹചര്യങ്ങൾ എന്നിവ പ്രത്യേകം പ്രത്യേകം പരിഗണിച്ച് ഹോസ്റ്റലുകളെ കാറ്റഗറി എ, കാറ്റഗറി ബി, കാറ്റഗറി സി, കാറ്റഗറി ഡി വിഭാഗങ്ങളായി തരം തിരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.<br>എല്ലാ ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിമാരോട്ടും, ജില്ലാ സ്പോർട്സ് ഓഫീസർമാരോട്ടും ഹോസ്റ്റൽ പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോസ്റ്റലുകളിലെ ബോർഡിംഗ്/ലോഡ്ജിംഗ് ബില്ലുകൾ പരിശോധിച്ച് കൗണ്ടർസൈൻ ചെയ്ത് സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ടെക്നിക്കൽ ഓഫീസർക്കും ഹോസ്റ്റൽ പരിശോധിയ്ക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | വിവിധ കായിക മത്സരങ്ങളിൽ മികവു തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പ്രത്യേക പരിശീലനം നൽകി മികവുറ്റ താരങ്ങളാക്കി മാറ്റാൻ പരിപാടിയുണ്ടോ എന്നറിയിക്കുമോ? | ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ